ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:19.09.2026

## പ്രധാനവാർത്തകൾ

1. പുനരുപയോഗ ഊർജ്ജ മേഖലയിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിച്ച് കാലാവസ്ഥാ വ്യതിയാനത്തിനെതിരെ ഇന്ത്യ സമാനതകളില്ലാത്ത പുരോഗതിയാണ് കൈവരിച്ചതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. ഇരുപതാമത് റോസ്ഗർ മേളയിലൂടെ 51,000-ത്തിലധികം നിയമന ഉത്തരവുകളുടെ വിതരണം പ്രധാനമന്ത്രി നരേന്ദ്ര മോദി വെർച്ച്വലായി നിർവഹിക്കും.
3. സംസ്ഥാനത്ത് പട്ടയ വിതരണത്തിൽ സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ യാഥാർഥ്യമാക്കുമെന്ന് റവന്യു മന്ത്രി എ. പി അനിൽകുമാർ.
4. അന്താരാഷ്ട്ര തീരദേശ ശുചീകരണ ദിനാചരണത്തിന്റെ ഭാഗമായി രാജ്യത്തുടനീളം കടൽത്തീര ശുചീകരണ പരിപാടികൾ പുരോഗമിക്കുന്നു. കേരളത്തിലും വിപുലമായ ശുചീകരണ യജ്ഞം.
5. സംസ്ഥാനത്ത് നാളെ വരെ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. നാല് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശം.
6. 20-ാമത് ഏഷ്യൻ ഗെയിംസിന് ഇന്ന് ഉച്ചയ്ക്ക് ശേഷം ജപ്പാനിൽ തുടക്കം. മെഡൽ പ്രതീക്ഷയുമായി ഇന്ത്യൻ താരങ്ങൾ.

&&&&&&&&&&&&&&&&

RNU TVPM.

## റോസ്ഗർ മേള - പി.എം

ഇരുപതാമത് റോസ്ഗർ മേളയുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളിൽ 51,000-ത്തിലധികം നിയമന ഉത്തരവുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി അൽപസമയത്തിനകം വീഡിയോ കോൺഫറൻസിംഗിലൂടെ വിതരണം ചെയ്യും. രാജ്യത്തുടനീളം 45 കേന്ദ്രങ്ങളിലായാണ് 20-ാമത് റോസ്ഗാർ മേള സംഘടിപ്പിച്ചിരിക്കുന്നത്. ഉദ്യോഗാർഥികൾക്ക് ധനകാര്യം, റെയിൽവേ, ആഭ്യന്തരം, ആരോഗ്യ കുടുംബക്ഷേമം, പ്രതിരോധം തുടങ്ങി വിവിധ മന്ത്രാലയങ്ങളിലും കേന്ദ്രസർക്കാർ വകുപ്പുകളിലുമായിരിക്കും നിയമനം. യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും രാജ്യത്തിന്റെ വികസനയാത്രയിൽ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കുകയുമാണ് റോസ്ഗാർ മേളയുടെ ലക്ഷ്യം. റോസ്ഗാർ മേളയുടെ ഭാഗമായി കൊച്ചി കലൂരിലും പാലാരിവട്ടത്തും നടക്കുന്ന പരിപാടികളിൽ കേന്ദ്രസഹമന്ത്രിമാരായ സുരേഷ് ഗോപിയും, ജയന്ത് ചൗധരിയും പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&

## പി.എം - പരിസ്ഥിതി (ഇൻട്രോ)

പുനരുപയോഗ ഊർജ്ജ മേഖലയിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിച്ച് കാലാവസ്ഥാ വ്യതിയാനത്തിനെതിരെ ഇന്ത്യ സമാനതകളില്ലാത്ത പുരോഗതിയാണ് കൈവരിച്ചതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. "പരിസ്ഥിതിയുടെയും കാലാവസ്ഥാ വ്യതിയാനങ്ങളുടെയും ഭാവി" എന്ന വിഷയത്തിൽ ദേശീയ ഹരിത ട്രൈബ്യൂണൽ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച രണ്ട് ദിവസത്തെ അന്താരാഷ്ട്ര സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഒരു സൂര്യൻ, ഒരു ലോകം, ഒരു ഗ്രിഡ്" എന്ന കാഴ്ചപ്പാട് മുതൽ അന്താരാഷ്ട്ര സൗരോർജ സഖ്യം, ദുരന്ത പ്രതിരോധ അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള സഖ്യം തുടങ്ങിയ സംരംഭങ്ങളിലൂടെ ഇന്ത്യ പുരാതന പാരിസ്ഥിതിക മൂല്യങ്ങളെ ആധുനിക കാഴ്ചപ്പാടിലേക്ക് പരിവർത്തനം ചെയ്തിട്ടുണ്ട്. ഇന്ത്യ

RNI TVPM

ജലവൈദ്യുതിയുടെ ഉത്പാദനശേഷി ഗണ്യമായി വർധിപ്പിച്ചിട്ടുണ്ടെന്നും പ്രധാനമന്ത്രി അറിയിച്ചു.

(വോയിസ്)

NGT യുടെ മൊബൈൽ ആപ്പും പ്രധാനമന്ത്രി ചടങ്ങിൽ പുറത്തിറക്കി.

**&&&&&&&&&&&&&&&&**

## സ്വച്ഛ് സാഗർ - കേരളം

ഇന്ന് അന്താരാഷ്ട്ര തീരദേശ ശുചീകരണ ദിനം. ദിനാചരണത്തോട് അനുബന്ധിച്ച് സ്വച്ഛ് സാഗർ സുരക്ഷിത് സാഗർ കാമ്പെയ്ൻ്റെ ഭാഗമായി രാജ്യവ്യാപകമായി കടൽത്തീരങ്ങളിൽ ശുചീകരണ യജ്ഞം സംഘടിപ്പിച്ചു. സംസ്ഥാനത്തും ശുചീകരണ പരിപാടികൾ നടന്നു. തിരുവനന്തപുരം കോവളം കടൽത്തീരത്ത് കോസ്റ്റ് ഗാർഡ് വിഴിഞ്ഞം സ്റ്റേഷന്റെ നേതൃത്വത്തിൽ ശുചീകരണ പരിപാടി സംഘടിപ്പിച്ചു. NCESS യിലെ ശാസ്ത്രജ്ഞൻ ഡോ. റെജി ശ്രീനിവാസും ഇന്ത്യൻ കോസ്റ്റ് ഗാർഡ് സ്റ്റേഷൻ കമാൻഡർ സുരേഷ് ആർ. കുറുപ്പും ചേർന്ന് പരിപാടി ഫ്ലാഗ് ഓഫ് ചെയ്തു. ശംഖുമുഖം ബീച്ചിൽ നടന്ന ശുചീകരണ പരിപാടി മേയർ വി.വി രാജേഷ് ഉദ്ഘാടനം ചെയ്തു. കോഴിക്കോട് ബീച്ചിൽ നടന്ന സ്വച്ഛ് സാഗർ സുരക്ഷിത സാഗർ തീര ശുചികരണ പരിപാടി മേയർ ഒ സദാശിവൻ ഉദ്ഘാടനം ചെയ്തു. തീര സംരക്ഷണ സേന, NCC കാഡറ്റ് സ് ഹരിത കർമ സേനാ പ്രവർത്തകർ പങ്കാളികളായി. എറണാകുളം പുതുവൈപ്പ് ബീച്ചിൽ കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയത്തിന് കീഴിലെ സെന്റർ ഫോർ മറൈൻ ലിവിങ് റിസോഴ്സസ് ആൻഡ് ഇക്കോളജിയുടെ നേതൃത്വത്തിലായിരുന്നു പരിപാടി. ടോണി ചമ്മണി എം.എൽ.എ ഉദ്ഘാടനം ചെയ്തു. കണ്ണൂർ മുഴപ്പിലങ്ങാട് ഡ്രൈവ് ഇൻ ബീച്ചിൽ ശുചീകരണ യജ്ഞം അസിസ്റ്റന്റ് കലക്ടർ എസ് സ്വാതി ഉദ്ഘാടനം ചെയ്തു.

**&&&&&&&&&&&&&&&&**

PNUTVPM

## ലക്ഷദ്വീപ് - ഇന്ത്യൻ കോസ്റ്റ് ഗാർഡ്

തീരസംരക്ഷ സേന ലക്ഷദ്വീപിലെ കവരത്തി ജില്ലാ ഭരണകൂടത്തിൻ്റെ നേതൃത്വത്തിൽ സംയുക്ത തീരദേശ ശുചീകരണ ക്യാംപെയ്ൻ സംഘടിപ്പിച്ചു. അന്ത്രോത്ത്, മിനിക്കോയ് ദ്വീപുകളിലും കോസ്റ്റ് ഗാർഡ് യൂണിറ്റുകളുടെ നേതൃത്വത്തിൽ തീരദേശ ശുചീകരണ പരിപാടികൾ നടന്നു. സ്വച്ഛതാ ഹി സേവാ ശുചീകരണ ക്യാംപെയ്നിനും ലക്ഷദ്വീപിൽ തുടക്കമായി.

&&&&&&&&&&&&&&&&

## പട്ടയ വിതരണം - മന്ത്രി എ.പി അനിൽകുമാർ

പട്ടയ വിതരണത്തിൽ സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ യാഥാർഥ്യമാക്കുമെന്ന് റവന്യു മന്ത്രി എ. പി അനിൽകുമാർ. കോഴിക്കോട് ജില്ലാ പട്ടയമേള ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 100 ദിവസത്തിൽ 50,000 ഭൂമി തരം മാറ്റ അപേക്ഷകൾ തീർപ്പാക്കുമെന്നും ശ്രീ എ പി അനിൽകുമാർ അറിയിച്ചു. ചടങ്ങിൽ 1,350 പട്ടയങ്ങൾ വിതരണം ചെയ്യു.

&&&&&&&&&&&&&&&&

## മന്ത്രി ടി.സിദ്ദിഖ്

കൃഷിനാശത്തിന് പണം ചെലവഴിക്കുന്നതിന് പകരം കാലാവസ്ഥാ വ്യതിയാനത്തിനെതിരെയുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ കേന്ദ്രസർക്കാർ സാമ്പത്തിക സഹായം ലഭ്യമാക്കണമെന്ന് കൃഷിമന്ത്രി ടി. സിദ്ദിഖ്. ഹൈദരാബാദിൽ നടന്ന ദക്ഷിണേന്ത്യൻ കൃഷിവകുപ്പ് മന്ത്രിമാരുടെ സൗത്ത് സോൺ അഗ്രികൾച്ചറൽ കോൺഫറൻസിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കാലാവസ്ഥാ വ്യതിയാനം കേരളത്തിലെ കാർഷിക മേഖലയെ സംബന്ധിച്ച് ഏറെ ആശങ്കാജനകമാണ്. ഓണാട്ടുകര വികസന ഏജൻസിയുടെ വിത്തിന്റെ ജി.ഐ. പദവി നഷ്ടമാകുന്ന വിധത്തിൽ കേന്ദ്രസർക്കാർ പുറത്തിറക്കിയ മാർഗനിർദ്ദേശം ഒഴിവാക്കണമെന്നും മന്ത്രി യോഗത്തിൽ ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&

RNI/TVPM

**<u>കാസർഗോഡ് (ഇൻട്രോ)</u>**

കാസർഗോഡ് നഗരസഭയിൽ തെരുവ് നായ്ക്കളുടെ എണ്ണം തിട്ടപ്പെടുത്താൻ മൈക്രോ ചിപ്പിംഗ് സംവിധാനം ആരംഭിച്ചു. **ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി.ജഗന്നിവാസൻ തയ്യാറാക്കിയ റിപ്പോർട്ട്..... (വോയ്സ്)**

**&&&&&&&&&&&&&&&&**

**<u>കൊല്ലം തുറമുഖം ബിന്ദുകൃഷ്ണ</u>**

കൊല്ലം തുറമുഖത്തിൻ്റെ സാധ്യത പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി ബിന്ദുകൃഷ്ണ. കൊല്ലം തുറമുഖം സന്ദർശിച്ചശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. തുറമുഖത്തിൻ്റെ ആഴം 8 മീറ്ററായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും ശ്രീമതി. ബിന്ദുകൃഷ്ണ പറഞ്ഞു.

**&&&&&&&&&&&&&&&&**

**<u>മഴ</u>**

സംസ്ഥാനത്ത് ഇന്നും നാളെയും പരക്കെ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. നാളെ മൂന്ന് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ - കാസർഗോഡ് ജില്ലകളിലെ തീരങ്ങളിൽ ഇന്ന് ഉച്ചയ്ക്ക് 02.30 വരെ കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര വിവര വിശകലന കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

**&&&&&&&&&&&&&&&&**

<u>താരാപഥം പദ്ധതി (ഇൻട്രോ)</u>

പൊതുവിദ്യാഭ്യാസ രംഗത്ത് ഡിജിറ്റൽ മുന്നേറ്റവുമായി 'താരാപഥം' പദ്ധതി. പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് ആവിഷ്കരിച്ച ഈ പദ്ധതി കൈറ്റ്

RNU TVPM

മുഖേനയാണ് നടപ്പിലാക്കുന്നത്. എല്ലാ സർക്കാർ ഇതര സ്കൂളുകളെയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയാക്കോട്..... (വോയ്സ്)**

**&&&&&&&&&&&&&&&&**

**ഏഷ്യൻ ഗെയിംസ്**

20-ാമത് ഏഷ്യൻ ഗെയിംസിന് ഇന്ന് ജപ്പാനിൽ തുടക്കമാകും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2.30 ന് ആരംഭിക്കും. ഉദ്ഘാടന ചടങ്ങിൽ ഒളിമ്പിക്സ് ഇരട്ട മെഡൽ ജേതാവ് മനു ഭാക്കറും ഷോട്ട്പുട്ട് താരം തജീന്ദർപാൽ സിംഗ് ടൂറും ഇന്ത്യൻ പതാകയേന്തും. അടുത്ത മാസം നാല് വരെ നടക്കുന്ന ഗെയിംസിൽ 37 ഇനങ്ങളിലായി 500 ലേറെ ഇന്ത്യൻ താരങ്ങൾ മത്സരിക്കും.

**&&&&&&&&&&&&&&&&**

RNU TVPM

**സേവാ സങ്കൽപ്പ് അഭിയാൻ**

പ്രധാനമന്ത്രി നരേന്ദ്ര മോദി ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും സംഘടിപ്പിക്കുന്ന ഒരു മാസം നീളുന്ന സേവാ സങ്കൽപ് അഭിയാൻ പുരോഗമിക്കുന്നു.'ജനസേവനത്തിലൂടെ രാഷ്ട്രസേവനം' എന്ന ആശയം മുൻനിർത്തി 2047-ഓടെ 'വികസിത ഭാരതം' കൈവരിക്കാനുള്ള പരിശ്രമങ്ങൾ അനാവരണം ചെയ്യുകയാണ് പരിപാടിയുടെ ലക്ഷ്യം.

**&&&&&&&&&&&&&&&&**

**ഭാരതീയ വിചാര കേന്ദ്രം**

കൊളോണിയൽ ചിന്താഗതിയിൽ നിന്നും നമ്മുടെ തലമുറകൾ ഇതുവരെയും വിമുക്തമായിട്ടില്ലെന്ന് ഭാരതീയ വിചാര കേന്ദ്രം ഡയറക്ടർ ആർ സഞ്ജയൻ. തിരുവനന്തപുരം നടന്ന ബി എസ് ഹരിശങ്കർ സ്മാരക പ്രഭാഷണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

**&&&&&&&&&&&&**
**&&&&&&&&&&&**
**&&&&&&&&**